


# അക്കാദമിക് മാസ്റ്റർ പ്ലാൻ

**കുന്നംകുളങ്ങര എ.എൽ.പി. സ്കൂൾ**

# സ്കൂൾ ഫാക്കൽറ്റി

പ്രധാന അധ്യാപിക : പി.എം. ജൂലിഗോപൻ

മാനേജർ : പി.എം. ഗോപാലകൃഷ്ണൻ

P.T.A പ്രസിഡണ്ട് : ടി.പി. റഫീഖ്

M.P.T.A ചെയർപേഴ്സൺ : ദിൻഷ

അധ്യാപകർ : ജിസ്ന. കെ
ജുബൈർ. ടി.
നസാൻ. എസ്
സഹ്‌ല. എം.ടി.
രമ്യ. പി.സി.

# ആമുഖം

ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ പന്തീരാങ്കാവ് വില്ലേജ് മണക്കടവ് – പന്തീരാങ്കാവ് റോഡിനോട് ചേർന്ന് കുന്നംകുളങ്ങര അങ്ങാടിക്ക് സമീപം കുന്നംകുളങ്ങര എ. എൽ. പി സ്കൂൾ സ്ഥിതിചെയ്യുന്നു.

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ 8 9 വാർഡുകളും പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ 7ാം വാർഡും ഉൾപ്പെടുന്ന പന്തീരാങ്കാവ് പെരുമണ്ണ വില്ലേജുകളിലെ കൊടൽ, മണക്കടവ്, വെള്ളായിക്കോട് അംശങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് ഈ വിദ്യാലയത്തിന്റെ ഫീഡിങ് ഏരിയ.

1920 കളിൽ ഈ പ്രദേശത്ത് പ്രവർത്തിച്ച ഒരു മുസ്‌ലിം മദ്രസ അക്കാലത്ത് ഒരു സ്കൂളായി രൂപാന്തരപ്പെടുത്തിയപ്പോൾ ചില ഹിന്ദു വിദ്യാർത്ഥികളിൽ ചിലർ അവിടെ പ്രവേശനം നേടി. എന്നാൽ അന്നത്തെ സ്കൂൾ മാനേജ്മെന്റ് പ്രധാന അധ്യാപകനോട് പ്രവേശനം നേടിയ ഹിന്ദു വിദ്യാർത്ഥികളെ സ്കൂളിൽ നിന്നും പറഞ്ഞു വിടാൻ ആവശ്യപ്പെട്ടു. അത് ഹിന്ദുക്കളിൽ വലിയ അമർഷമുണ്ടാക്കി.

അങ്ങനെ ഹിന്ദുക്കളായ നാട്ടുകാർ സംഘടിച്ച് സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശ്രീ. പി.എം. പെരവക്കുട്ടി എന്നവരുടെ നേതൃത്വത്തിൽ തുടങ്ങി. അങ്ങനെ ഇന്ന് സ്കൂൾ നിലനിൽക്കുന്ന സ്ഥലം സ്വന്തമാക്കി ആദ്യം ഒരു എഴുത്തു പള്ളി ആരംഭിച്ചു. അവിടെ കുട്ടികളെ പഠിപ്പിക്കുന്നതിന് ശ്രീ. പി.എം പെരവക്കുട്ടി എന്നവരെ നിയമിക്കുകയും ചെയ്തു. അങ്ങനെ 1923 ൽ കുന്നംകുളങ്ങര എലിമെന്ററി സ്കൂൾ നിലവിൽ വന്നു. മാപ്പിള ലഹളയുടെ കലുഷിതമായ സാമൂഹികാന്തരീക്ഷത്തിന്റെ ഉൽപന്നമാണ് ഈ വിദ്യാലയമെന്ന് നമുക്ക് കാണാം. നവതി പിന്നിട്ട ഈ വിദ്യാലയം ശതാബ്ദിയും കഴിഞ്ഞെങ്കിലും കാലഘട്ടത്തിനു യോജിച്ച അടിസ്ഥാന സൗകര്യവികസനം സാധ്യമാകണമെന്നാണ് ഓരോ വിദ്യാഭ്യാസ പ്രവർത്തകനും ആഗ്രഹിക്കുന്നത്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | കുന്നംകുളങ്ങര എ.എൽ.പി സ്കൂൾ, മണക്കടവ്, പന്തീരാങ്കാവ് പോസ്റ്റ്, കോഴിക്കോട് 673019. |
| സ്കൂൾ കോഡ് | : | 17314 |
| വിദ്യാഭ്യാസ ഉപജില്ല | : | കോഴിക്കോട് റൂറൽ |
| വിദ്യാഭ്യാസ ജില്ല | : | കോഴിക്കോട് |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| ബി. ആർ. സി | : | കോഴിക്കോട് (ഫറോക്ക്) |
| സി. ആർ. സി | : | ജി. യു. പി. എസ്. കൊടൽ |
| ഗ്രാമപഞ്ചായത്ത് | : | ഒളവണ്ണ |
| ബ്ലോക്ക് പഞ്ചായത്ത് | : | കോഴിക്കോട് |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാ മണ്ഡലം | : | കുന്ദമംഗലം |
| താലൂക്ക് | : | കോഴിക്കോട് |
| വില്ലേജ് | : | പന്തീരാങ്കാവ് |
| ഇ - മെയിൽ | : | alpsmanakkadav@gmail.com |

## പൊതു ലക്ഷ്യങ്ങൾ

- എൽ.കെ.ജി. മുതൽ 4-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കുന്നതിനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരമ്പരാഗത പഠന രീതിയിൽ മാറ്റം വരുത്തുക.
- അവസര തുല്യത സാമൂഹ്യ നീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠനാന്തരീക്ഷം ഒരുക്കുക.
- മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.

# വിദ്യാലയത്തിന്റെ ലഘു ചരിത്രം.

ഒളവണ്ണ പഞ്ചായത്തിലെ കൊടൽ പ്രദേശത്ത് സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയം ഒരു കാലത്ത് വെള്ളായിക്കോട്, കൊടൽ പ്രദേശങ്ങളിലെ ജനങ്ങളുടെ പ്രധാന വിദ്യാകേന്ദ്രമായിരുന്നു. 1920 കളിൽ ഉണ്ടായ സാമൂഹികാന്തരീക്ഷത്തിന്റെ സൃഷ്ടിയായ ഈ വിദ്യാലയം 1923 ൽ കുന്നത്തുകുളങ്ങര ഹിന്ദു എലിമെന്ററി സ്കൂളായി നിലവിൽ വന്നു. ഇതിന്റെ രൂപീകരണത്തിന് നേതൃത്വം നൽകിയ ശ്രീ. പി. എം പെരവക്കുട്ടി എന്നവരെ ആദ്യ അദ്ധ്യാപകനായി നിശ്ചയിക്കുകയും ചെയ്തു. എന്നാൽ അധികകാലം കഴിയുന്നതിന് മുമ്പ് ശ്രീ. പി. എം. പെരവക്കുട്ടി എന്നവർ ഇഹലോക വാസം വെടിഞ്ഞു. പിന്നീട് അദ്ദേഹത്തിന്റെ അനുജനായ ശ്രീ. പി. എം ചാത്തു മാസ്റ്റർ ഈ സ്ഥാപനത്തിന്റെ നടത്തിപ്പ് ഏറ്റെടുക്കുകയും ഈ വിദ്യാലയത്തെ ഒരു പൂർണ്ണ എലിമെന്ററി സ്കൂളായി വളർത്തി കൊണ്ടുവരികയും ചെയ്തു.

ആദ്യ കാലത്ത് പലരും ഈ വിദ്യാലയത്തിൽ പ്രധാന അധ്യാപകരായി ജോലിചെയ്തിരുന്നുവെങ്കിലും ശ്രീ. പി. എം. ചാത്തു മാസ്റ്റർ ട്രെയിനിങ്ങ് കഴിച്ച്, പൂർണ്ണ യോഗ്യതയുള്ള അധ്യാപകനായി ഇവിടെ ചേർന്ന ശേഷം 1960 ൽ വിരമിക്കുന്നത് വരെ ഇവിടുത്തെ പ്രധാന അധ്യാപകനായിരുന്നു. ആ കാലത്ത് 5-ാം ക്ലാസുവരെ നിലനിന്നിരുന്ന ഈ വിദ്യാലയത്തിൽ 9 ക്ലാസുകൾ പ്രവർത്തിച്ചിട്ടുണ്ട്. ശ്രീ. പി. എം. ചാത്തു മാസ്റ്റർ വിരമിച്ച ശേഷം ശ്രീ. കെ അച്ചുതൻ നായർ, ശ്രീ. കെ.പി.എം. ശേഖരൻ,

എൻ ശേഖരക്കുറുപ്പ്, പി.എം. ശ്രീധരൻ, എം.ബാലൻ, എം. പത്മിനിയമ്മ, എം. പ്രസന്ന, ടി.പി. സുഭദ്ര, ശ്രീമതി കെ.വി ജയശ്രീ എന്നിവർ ഈ വിദ്യാലയത്തിൽ പ്രധാന അധ്യാപകരായി പ്രവർത്തിച്ചിട്ടുണ്ട്. ശ്രീ. പി.എം ഗോപാലകൃഷ്ണൻ മാനേജരായും, ശ്രീമതി ~~എ~~ പി.എം ജ്യോതി ഗോപൻ പ്രധാന അധ്യാപികയായും നിലവിൽ പ്രവർത്തിച്ചുവരുന്നു.

മുകളിൽ സൂചിപ്പിച്ച മതപരമായ പ്രവേശന നീതി പ്രദേശത്തെ രണ്ടു വിദ്യാലയങ്ങളിലും അവിടിത്തെ ഷി തുടർന്നത് കൊണ്ട് പ്രത്യക്ഷമായോ പരോക്ഷമായോ ഈ പ്രദേശത്ത് യാതൊരുവിധ പ്രശ്നങ്ങളും ഉണ്ടായതായി രേഖപ്പെടുത്തിയിട്ടില്ല. ഇന്ന് നിരവധി മുസ്ലിം കുട്ടികൾ പഠിക്കുകയും മുസ്ലിം അധ്യാപകർ ഈ സ്കൂളിൽ ജോലി ചെയ്യുകയും ചെയ്യുന്നുണ്ട്. മതേതര മൂല്യങ്ങൾക്ക് ഊന്നൽ നൽകുന്ന ഒരു സാമൂഹ്യ ജീവിതം ഈ പ്രദേശത്ത് നിലനിൽക്കുന്നു. 1970 കൾക്ക് ശേഷം ജനങ്ങളിൽ വളർന്നുവന്ന ഇംഗ്ലീഷ് ഭാഷാ പ്രേമവും കുടുംബാസൂത്രണത്തിലൂടെയുണ്ടായ പുരോഗതിയും കുട്ടികളുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ട്. പ്രധാന അധ്യാപികയടക്കം 4 അധ്യാപകരാണ് ഇപ്പോൾ സ്കൂളിൽ ജോലി ചെയ്യുന്നത്. ഒരു അറബിക് അധ്യാപകൻ താൽക്കാലികമായും ജോലി ചെയ്യുന്നു. നല്ല നിലയിൽ പ്രവർത്തിച്ചുവന്ന ഈ വിദ്യാലയം ഒരു യു.പി സ്കൂളായി ഉയർത്തുന്നതിന് മുൻകാലത്ത് വളരെയധികം ശ്രമം. നടത്തിയെങ്കിലും

നടത്തിയെങ്കിലും അത് സഫലമായില്ല. അതുകൊണ്ടുതന്നെ പ്രശംസനീയമായി പ്രവർത്തിച്ചുവന്ന ഈ വിദ്യാലയത്തിന്റെ പുരോഗതി തടയപ്പെട്ടു എന്ന വസ്തുത ഖേദപൂർവ്വം രേഖപ്പെടുത്തട്ടെ.

പഞ്ചായത്ത് തലത്തിൽ രൂപം കൊണ്ട പഞ്ചായത്ത് വിദ്യാഭ്യാസ സഭ, പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, വില്ലേജ് എജ്യുക്കേഷൻ കമ്മിറ്റി, തുടങ്ങിയ ജനകീയ സമിതികളുമായി സഹകരിച്ച് പരമാവധി ജനകീയ പങ്കാളിത്തത്തോടെ മുൻ വർഷങ്ങളിൽ കർമ്മ പരിപാടികൾ ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ജനങ്ങളുടെ ചിരകാല അഭിലാഷമായ പ്രീ കെ. ഇ. ആർ. കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ആധുനിക സൗകര്യങ്ങളോടെ സുരക്ഷിതമായ ഒരു കെട്ടിടം നിർമ്മിക്കുകയെന്ന സ്വപ്നം യാഥാർത്ഥ്യമായിട്ടില്ല.

എം.പി, എം. എൽ. എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായ സഹകരണത്തോടെ കമ്പ്യൂട്ടർ ലാബ്, ശുചിമുറി എന്നിവ നിർമ്മിക്കാൻ ജനകീയ സഹകരണത്തോടെ സാധ്യമായ വിവരം അഭിമാന പൂർവ്വം രേഖപ്പെടുത്തട്ടെ.

# പദ്ധതി രൂപീകരണ പ്രക്രിയ

• പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സ്കൂൾ സമഗ്രരേഖ തയ്യാറാക്കുന്നതിനുമായി വിദ്യാലയത്തിൽ സ്റ്റാഫ് കൗൺസിൽ യോഗം ചേർന്നു. പിടിഎ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്ഥലത്തെ വിദ്യാഭ്യാസ തൽപരരേയും, പി.ടി.എ, എം.പി.ടി.എ, എസ്, എസ്, ജി, സാമൂഹ്യ രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, പൂർവ്വാധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, എന്നിവരുടെയും ഒരു സംയുക്ത യോഗം വിളിച്ചു ചേർത്തു. സ്കൂളിന്റെ അക്കാദമികവും അല്ലാത്തതുമായ പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങളെ കുറിച്ച് വിശദമായ ചർച്ച നടന്നു. സ്കൂളിന്റെ കിച്ചൺ കം സ്റ്റോർ റൂമിന്റെ പണി നേരത്തെ തന്നെ പൂർത്തിയായി.

## സ്കൂൾ വികസന രേഖ

· സ്കൂളിന്റെ സമഗ്ര വികസന രേഖ വികസിപ്പിച്ചെടുക്കുന്നതിന് അധ്യാപകരെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പ്രധാനാധ്യാപിക സ്റ്റാഫ് കൗൺസിൽ യോഗം വിളിച്ചു ചേർത്തു. അടുത്ത വർഷങ്ങളിൽ നമ്മുടെ വിദ്യാലയത്തിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരണം എന്നതിനെക്കുറിച്ച് ഓരോരുത്തരും അഭിപ്രായങ്ങൾ പങ്കുവെച്ചു. പിന്നീട് ഒരു പൂർവ്വ വിദ്യാർത്ഥി യോഗവും, വിദ്യാലയ സംരക്ഷണ സമിതി യോഗവും വിളിച്ചു ചേർക്കാൻ തീരുമാനിച്ചു.

# അവസ്ഥാവിശകലനം

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതികസാഹചര്യങ്ങൾ, മനുഷ്യവിഭവശേഷി, സമ്പത്ത്, വിവിധസാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതത്വവും സ്വാതന്ത്ര്യവും ശിശുസൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കാനും വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ലഭ്യതയും കാര്യക്ഷമതയുമാണ്. കാര്യക്ഷമത എന്നത് ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യസംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായവിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

- വിദ്യാലയത്തിന് ആകെ ലഭ്യമായ സ്ഥലം 13 സെന്റാണ്. ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കൊടൽ അംശത്തിലെ പള്ളിയിൽ മണക്കടവത്ത്കാരുടെ ഉടമസ്ഥതയിലുള്ള പി.എം. ഗോപാലകൃഷ്ണൻ മാനേജർ ആയ ഒരു എയ്ഡഡ് വിദ്യാലയമാണ് ഇത്.
- പ്രീ പ്രൈമറി മുതൽ 4-ാം തരം വരെയുള്ള ക്ലാസുകളിലേക്കുള്ള പഠനമാണ് ഇവിടെ നടക്കുന്നത്. 2015-16 അധ്യയന വർഷം മുതലാണ് പ്രീ പ്രൈമറി സെക്ഷൻ വിദ്യാലയം ആരംഭിച്ചത്.

കുട്ടികളുടെ എണ്ണം.

| ക്ലാസ് | ആൺ | പെൺ | ആകെ. |
|---|---|---|---|
| 1 | 6 | 9 | 15 |
| 2 | 8 | 7 | 15 |
| 3 | 4 | 4 | 8 |
| 4. | 15 | 11 | 26 |

എൽ.കെ.ജി.യിൽ 3 ഉം യു.കെ.ജി.യിൽ 6 ഉം കുട്ടികൾ പഠിക്കുന്നു. പ്രീ.കെ.ഇ.ആർ ബിൽഡിങ് ആണ് നിലവിലുള്ളത്. എൽ ആകെതിലുള്ള ഒരു കെട്ടിടവും സമാന്തരമായി മറ്റൊരു കെട്ടിടവും, ഒരു ഷെഡ്ഡുള്ള ക്ലാസ്മുറിയും. ഒരു കിച്ചൺ കം സ്റ്റോർ റൂമും വിദ്യാലയത്തിനുണ്ട്. സ്മാർട്ട് ക്ലാസ്റൂമും ഇവിടെ മറ്റെല്ലാം പ്രീ.കെ.ഇ.ആർ ബിൽഡിങ് ആണ്.

* കുട്ടികൾക്ക് എല്ലാ ക്ലാസിലും ഇരിപ്പിടങ്ങൾ ഒരുക്കിയിട്ടുണ്ട്. കുടിവെള്ള സൗകര്യം, ടൈൽ ചെയ്ത് ശൗചാലയങ്ങൾ.
* വിദ്യാലയത്തിൽ ആവശ്യമായ അനുബന്ധ പ്രവർത്തനങ്ങൾ ഉണ്ട്. ഇതു സംഘടിപ്പിക്കാൻ സഹായം ചെയ്യുന്ന രക്ഷാകർതൃ സമിതിയും ഇപ്പോൾ സജീവമാണ്

# അക്കാദമികം

പഠന ബോധന തന്ത്രങ്ങളും അവയുടെ വിലയിരുത്തലും

• പഠിതാക്കളുടെ ശേഷിവികസനവുമായി ബന്ധപ്പെട്ട മേഖലയാണ് പഠന ബോധന തന്ത്രങ്ങൾ. കൃത്യമായ ആസൂത്രണം, ഫലപ്രദമായ പഠന പ്രവർത്തനങ്ങളൊരുക്കൽ, വ്യത്യസ്തങ്ങളായ പഠന തന്ത്രങ്ങളുടെ നിർവ്വഹണം, അദ്ധ്യാപകരുടെ വിഷയപരിജ്ഞാനം, കുട്ടികളുടെ പഠന ശേഷിയെ സംബന്ധിച്ച ധാരണ എന്നിവ ഉയർന്ന പഠന നിലവാരം കൈവരിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നു.

1. കുട്ടിയെ അറിയലാണ് പഠന ബോധന പ്രക്രിയയുടെ ആദ്യ ഘട്ടം. കുട്ടികളുടെ സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക ഗാർഹിക വിവരങ്ങൾ ശേഖരിക്കുന്നതിന് വിദ്യാലയ രേഖകൾ, പഠിതാക്കൾ, ക്ലാസ് പി.ടി.എ. മാതൃസമിതി, എന്നീ സാധ്യതകളാണ് അദ്ധ്യാപകർ ഉപയോഗിക്കുന്നത്. ആവശ്യമായ സന്ദർഭങ്ങളിൽ ഗൃഹസന്ദർശനവും നടത്താറുണ്ട്.

കുട്ടികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം

എസ് - സി

ഒ.ഇ.സി

ഒ.ബി.സി

ജനറൽ

2. വൈവിധ്യമാർന്ന പഠനവിഭവങ്ങളുടെ ലഭ്യത പൂർണ്ണതോതിൽ ഉറപ്പാക്കാൻ കഴിയേണ്ടതുണ്ട്. എന്നാൽ ഈ മേഖലയിൽ മുന്നേറേണ്ടതുണ്ട്.

3. അദ്ധ്യാപകർ ക്ലാസിലനുഭവിക്കുന്ന പ്രയാസങ്ങൾ ക്ലസ്റ്ററുകളിലോ അടുത്ത പരിശീലനങ്ങളിലോ പരിഹരിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്.

# അക്കാദമിക പ്രവർത്തനങ്ങൾ

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| • അക്കാദമിക പ്രവർത്തനങ്ങൾ മികവുറ്റ രീതിയിൽ സംഘടിപ്പിക്കുന്ന മികച്ച അധ്യാപക സമൂഹം.<br>• ശിശു സൗഹൃദമായ ക്ലാസ്മുറികൾ.<br>• മികച്ച ലൈബ്രറി സൗകര്യം.<br>• കലാപഠനം, കായികപഠനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം.<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണാ പ്രവർത്തനങ്ങൾ.<br>• സർഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• ശാസ്ത്രമേളകൾ, കലാമേളകൾ, കായികമേളകൾ എന്നിവയിൽ മികച്ച നേട്ടം.<br>• | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച കമ്പ്യൂട്ടർ പഠന സൗകര്യം ഇല്ല.<br>• ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനം ഉയർത്താനായിട്ടില്ല.<br>• കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• സ്കൂളിന്റെ ഭൗതിക സാഹചര്യം ഇനിയും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• കായികപഠനത്തിന് വേണ്ടത്ര സമയം നീക്കിവെക്കാറില്ല.<br>• സ്മാർട്ട് ക്ലാസ്റൂമുകളുടെ അഭാവം.<br>• കായികപഠനത്തിന് അനുയോജ്യമായ മികച്ച ഗ്രൗണ്ടിന്റെ അഭാവം. |

# അധ്യാപകരുടെ ചുമതലകൾ

| അധ്യാപകരുടെ പേര് | ചുമതലകൾ |
|---|---|
| പി. എം. ജ്യോതിഗോപൻ | പ്രധാന അധ്യാപിക |
| ജിസ്ന - കെ | സ്റ്റാഫ് സെക്രട്ടറി |
| ജംഷീർ - ടി | SRG കൺവീനർ |
| അനൽ - എസ് | മാതൃസമിതി കൺവീനർ |
| ജിസ്ന - കെ | വിദ്യാരംഗം |
| അനൽ - എസ് | ജാഗ്രതാ സമിതി |
| ജിസ്ന - കെ | ഉച്ച ഭക്ഷണം |
| ജംഷീർ - ടി | കലാമേള |
| അനൽ - എസ് | കായിക മേള |
| ജിസ്ന - കെ | ശാസ്ത്ര മേള |
| അനൽ - എസ് | ICT |
| ജംഷീർ - ടി | സോഷ്യൽ ക്ലബ്ബ് |
| ജിസ്ന - കെ | ഗണിത ക്ലബ്ബ് |
| അനൽ - എസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| ജംഷീർ - ടി | ശാസ്ത്ര ക്ലബ്ബ് |
| ജിസ്ന - കെ | ഹെൽത്ത് ക്ലബ്ബ് |
| ജംഷീർ - ടി | സ്കൂൾ ലൈബ്രറി |
| ജംഷീർ - ടി | പരിസ്ഥിതി ക്ലബ്ബ് |

# വിഷയമേഖലകൾ - ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക.
2. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.
5. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.
3. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
4. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാനഭാഷാവികസനത്തിന് സചിത്ര നോട്ട്ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

## പരിസരപഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ നിരീക്ഷണാത്മകമായ അനുഭവം ഒരുക്കുക.
3. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക.
4. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.
6. കുട്ടികളിൽ ചരിത്ര അവബോധം വളർത്തിയെടുക്കുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.

4. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി, എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി അല്ലെങ്കിൽ പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.

4. ആധുനിക സാങ്കേതികവിദ്യ ഭാഷാപഠനത്തിന് ഉപയോഗിക്കുക.

## ആരോഗ്യകായികവിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏതു ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തു
3. ആരോഗ്യശീലങ്ങൾ വളർത്തുക.
4. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളുടെയും ആശയങ്ങൾ ഉൾക്കൊണ്ട് കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. കരിക്കുലം ലക്ഷ്യംവെക്കുന്ന അറബിഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്മുറികളിലൊരുക്കുക.
4. ഭാഷാപഠനത്തിൽ ഐ.ടി.യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.
5. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാപഠനത്തിലൂടെ ഉറപ്പുവരുത്തുക.

## ഭാഷാപഠനം-പ്രശ്നങ്ങൾ

- 1 മുതൽ പത്തുവരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിലേക്ക് നേടാൻ കഴിയുന്നില്ല.
- 1, 2 ക്ലാസിലെ കുട്ടികൾക്ക് ചിഹ്നങ്ങൾ വേണ്ടരീതിയിൽ ഉറയ്ക്കുന്നതായി കാണുന്നില്ല.
- സർഗാത്മക രചനകൾ തയ്യാറാക്കുമ്പോൾ വേണ്ടത്ര മികവ് കാണുന്നില്ല.
- സർഗാത്മക പ്രകടനത്തിനുള്ള വേദികൾ വേണ്ടരീതിയിൽ ഉപയോഗിക്കുന്നില്ല.
- ആധുനിക സൗകര്യങ്ങളുള്ള ലൈബ്രറിയുടെ അഭാവം.

## പ്രശ്നപരിഹരണ മാർഗങ്ങൾ

- പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തണം.
- അടിസ്ഥാന ശേഷി വികസന പരിപാടികൾ ആസൂത്രണം.
- ക്ലാസ് ആസൂത്രണം.
- മൊഡ്യൂൾ തയ്യാറാക്കൽ
- രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസുകൾ.
- ഭിന്ന നിലവാരക്കാർക്ക് യോജിച്ച ലളിതവും രസകരവുമായ പ്രവർത്തനങ്ങൾ നൽകുക, വ്യക്തിഗത പരിഗണന നൽകി പ്രോത്സാഹിപ്പിക്കുക.
- സർഗാത്മകരചനകളിൽ മികവ് നേടണമെങ്കിൽ വായനാസാമഗ്രികൾ കൂടുതൽ സമാഹരിക്കുകയും വായന പോഷിപ്പിക്കുകയും വേണം. ഓരോരോ ക്ലാസിനും യോജിച്ച വായനാസാമഗ്രികൾ ശേഖരിക്കണം. വായനയെ പ്രോത്സാഹിപ്പിക്കുക. ആസ്വാദനക്കുറിപ്പ്, ക്വിസ്, പുസ്തകപരിചയം, കഥാരചന, കവിതാരചന, കയ്യെഴുത്ത് മാസിക തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കണം.

# ഗണിതപഠനം പ്രശ്നങ്ങൾ

പ്രൈമറി ക്ലാസിലെ ഒരു കുട്ടി അടിസ്ഥാനഗണിതശേഷികൾ നേടിയിരിക്കണം. ചതുഷ്ക്രിയകൾ അറിഞ്ഞിരിക്കണം. ഈ ലക്ഷ്യങ്ങൾ നേടിയ എത്ര കുട്ടികളെ നമുക്ക് കാണാൻ കഴിയും? പ്രൈമറിയിലെ ഗണിത ക്ലാസുകൾ നേരിടുന്ന പ്രശ്നങ്ങൾ പലതാണ്. കൃത്യതയോടെയും സൂക്ഷ്മതയോടെയും കുട്ടി ഗണിതപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും യുക്തിചിന്ത ഉപയോഗിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംഖ്യകളെ വ്യാഖ്യാനിക്കുന്നതിനും വളരെയേറെ പ്രയാസം നേരിടുന്നു.

## പരിഹാരമാർഗങ്ങൾ

- ഗണിതത്തിൽ താൽപര്യം വളർത്തണം.
- പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരമാർഗങ്ങൾ കണ്ടെത്താൻ പ്രാപ്തരാക്കണം.
- യുക്തിചിന്ത പോഷിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ നൽകണം.
- സാധന സംയുക്തമായി സംഖ്യാ വ്യാഖ്യാന വേളകൾ കൈകാര്യം ചെയ്യണം.
- അടിസ്ഥാന ശേഷികൾ നേടിയെന്ന് ഓരോ ക്ലാസിൽ നിന്നും ഉറപ്പുവരുത്തണം.

## ഇംഗ്ലീഷ് പ്രശ്നങ്ങൾ

- എൽ.പി തലത്തിൽ പാഠ്യപദ്ധതി നിർദേശിച്ച ശേഷികൾ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ നേടാൻ സാധിക്കുന്നില്ല.
- നല്ല രീതിയിൽ ഇംഗ്ലീഷ് വായിക്കാനും എഴുതാനും എല്ലാ കുട്ടികൾക്കും സാധിക്കുന്നില്ല.
- ഇംഗ്ലീഷിൽ സംസാരിക്കാൻ ചില കുട്ടികൾക്ക് സാധിക്കാറില്ല.
- ഇംഗ്ലീഷ് വിഭവങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, പത്രങ്ങൾ എന്നിവ പല കുട്ടികൾക്കും ലഭിക്കാറില്ല.
- ഇംഗ്ലീഷ് നന്നായി മനസ്സിലാക്കാനും ആശയങ്ങൾ പ്രകടിപ്പിക്കുന്നതിലും പ്രയാസം നേരിടാറുണ്ട്.

## പരിഹാര മാർഗ്ഗങ്ങൾ

- ഇംഗ്ലീഷ് വായന വിപുലപ്പെടുത്തുക.
- ഇംഗ്ലീഷ് പത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ കുട്ടികൾക്ക് ലഭ്യമാക്കുക.
- ഇംഗ്ലീഷ് വീഡിയോകൾ, പാട്ടുകൾ എന്നിവയെല്ലാം ക്ലാസിൽ പ്രദർശിപ്പിച്ച് കാണിക്കുകയും കേൾപ്പിക്കുകയും ചെയ്യുക.
- ക്ലാസുകളിൽ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള അവസരങ്ങൾ ഒരുക്കുക.
- ക്ലാസ് അന്തരീക്ഷം കുട്ടികൾ താൽപര്യം ജനിപ്പിക്കുന്ന രീതിയിൽ നടത്തുക.

## പരിസരപഠനം പ്രശ്നങ്ങൾ

- പരിസരപഠനത്തിന്റെ ലക്ഷ്യങ്ങളിൽ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
- ആർജ്ജിച്ച അറിവ് ജീവ ജാലങ്ങളുടെ നന്മക്കായി വിനിയോഗിക്കുക.
- ശാസ്ത്രത്തിനും സാമൂഹിക നന്മക്കും വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവു പുലർത്തുക എന്നിവയൊക്കെ ഇന്ന് നമ്മുടെ വിദ്യാർത്ഥികൾക്ക് അഭിരുചിയുണ്ട് താല്പര്യമുണ്ട്. അവർക്ക് അതിനുള്ള അവസരങ്ങൾ, സമയം, സൗകര്യങ്ങൾ എന്നിവ കിട്ടുന്നില്ല എന്നതാണ് വാസ്തവം.

## പരിഹാരമാർഗ്ഗങ്ങൾ

- കുട്ടികളിൽ പരസ്പരാശ്രയത്വം, പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുക തുടങ്ങിയ ശേഷികൾ ഇന്ന് പഠനത്തിന്റെ ഭാഗമായിരിക്കുകയാണ്. ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം, പച്ചക്കറിത്തോട്ട നിർമ്മാണം, എന്നിവ കുട്ടികളിൽ പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്താനും പരസ്പരാശ്രയത്വത്തെക്കുറിച്ച് മനസ്സിലാക്കാനും സഹായിക്കും.
- ശാസ്ത്രജ്ഞരുടെയും മറ്റ് ലോകനന്മക്കായി പ്രവർത്തിക്കുന്നവരെ കുറിച്ചും ഉള്ള വാർത്തകളും ചിത്രങ്ങളും സിനിമകളും കുട്ടികളെ കാണിക്കുകയും സത്പ്രവർത്തികൾക്ക് മാതൃക കാണിക്കുകയും നല്ല മാതൃകകളെ പ്രോത്സാഹിപ്പിക്കുകയും വേണം.
- കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നൽകുകയും വിലയിരുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക തുടങ്ങിയവ പരിസരപഠനത്തെ കൂടുതൽ പരിപോഷിപ്പിക്കുന്നു

## ആരോഗ്യ കായികവിദ്യാഭ്യാസം പ്രശ്നങ്ങൾ

- ഇന്നത്തെ കാലത്ത് കായികപഠനത്തിന് വേണ്ടത്ര സമയം നീക്കിവെക്കാറില്ല.
- കായിക പഠനത്തിന്റെ ആവശ്യകതയെക്കുറിച്ച് ഇന്നത്തെ തലമുറക്ക് വേണ്ടത്ര അറിവ് ലഭിച്ചിട്ടില്ല. ഒരു കുട്ടിയുടെ സർവതോമുഖമായ വികാസം ഉറപ്പുവരുത്താൻ കായികപഠനത്തിന് കഴിയുമെന്ന. ധാരണയില്ലായ്മ.

## പരിഹാര മാർഗങ്ങൾ

- എല്ലാദിവസവും ഒരു നിശ്ചിതസമയം കായികപഠനത്തിന് നീക്കിവെക്കുക.
- കായികപഠനത്തിന്റെ ആവശ്യകതയെക്കുറിച്ച് രക്ഷിതാക്കളെ ബോധവാന്മാരാക്കുക.
- കായിക മത്സരങ്ങൾ നടത്തുകയും മുഴുവൻ കുട്ടികളെ പങ്കാളികളാക്കുകയും ചെയ്യുക.
- കായിക ശേഷി വികസനത്തിനുതകുന്ന കളിയുപകരണങ്ങൾ വിദ്യാലയത്തിൽ സംഘടിപ്പിക്കുക. വ്യായാമം കൊണ്ടുള്ള ഗുണം കുട്ടികളെ മനസ്സിലാക്കുക.
- സൈക്കിൾ സവാരി, നീന്തൽ, കരാട്ടെ, തുടങ്ങിയവ പരിശീലിപ്പിക്കുക.

## കലാപഠനവും പ്രവൃത്തിപരിചയവും പ്രശ്നങ്ങൾ

- പലപ്പോഴും കുട്ടികളെ നൈസർഗികമായി കലാവാസനകൾ തിരിച്ചറിയാനും പരിപോഷിപ്പിക്കാനും അവസരം കിട്ടുന്നില്ല.
- വിവിധങ്ങളായ കലകളെ അറിയാനും കുട്ടികളുടെ അഭിരുചി അനുസരിച്ച് അഭ്യസിപ്പിക്കാനുമുള്ള അവസരങ്ങളുടെ അപര്യാപ്തത.
- കലകളെ ഉപയോഗപ്പെടുത്തി മറ്റുവിഷയങ്ങളുടെ പഠനം ഫലപ്രദമാക്കുന്നതിനുള്ള അവസരങ്ങളുടെ കുറവ്.
- കലകളെ അറിയുന്നതിനും അഭ്യസിക്കുന്നതിനുമുള്ള സാമ്പത്തിക ബാധ്യത.

## പരിഹാര മാർഗങ്ങൾ

- സ്കൂളിൽ നടക്കുന്ന സർഗോത്സവങ്ങളിൽ കലാമത്സരങ്ങളിലും മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കുക.
- ഓരോരുത്തരുടെയും അഭിരുചി കണ്ടെത്തുക, അവരെ പ്രോത്സാഹിപ്പിക്കാൻ വിവിധ അവസരങ്ങൾ ഒരുക്കുക.
- പ്രഗത്ഭരുടെ കലാസ്വാദന ക്ലാസുകൾ സംഘടിപ്പിക്കുക.
- കുട്ടിയുടെ കലാഭിരുചിയെപ്പറ്റി രക്ഷിതാക്കളെ ബോധവാന്മാരാക്കുക.
- മറ്റ് സംഘടനകളുമായി ചേർന്ന് ക്ലാസുകൾ സംഘടിപ്പിക്കാനും അഭ്യസിപ്പിക്കാനും അവസരമൊരുക്കുക.

# പ്രവൃത്തിപഠനം പ്രശ്നങ്ങൾ

- പ്രൈമറി ക്ലാസുകളിൽ പ്രവൃത്തിപഠനത്തിന്റെ ലക്ഷ്യങ്ങളിൽ തൊഴിൽ സന്നദ്ധത, മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ എന്നീ ശേഷികളിൽ മാത്രമേ ഊന്നൽ നൽകേണ്ടതുള്ളൂ
- ഇന്നത്തെ കുട്ടികളിൽ തൊഴിലിന്റെ മഹാത്മ്യത്തെക്കുറിച്ച് അറിയാൻ അവസരമില്ല.
- അതു പോലെ മൂല്യങ്ങളെക്കുറിച്ചും മനോഭാവങ്ങളെക്കുറിച്ചും അവർക്ക് ധാരണയില്ല.

## പരിഹാരമാർഗ്ഗങ്ങൾ

- ചെറിയ ക്ലാസുകളിൽത്തന്നെ തൊഴിലിന്റെ മഹാത്മ്യത്തെക്കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തണം.
- പ്രവർത്തനങ്ങൾ നൽകുമ്പോൾ ശേഷി വികാസത്തിനനുസരിച്ചാവണം.
- ഐ.സി.ടി സാധ്യതകളുപയോഗിച്ച് തൊഴിലിന്റെ മഹാത്മ്യം ബോധ്യപ്പെടുത്തുക. ചുറ്റുപാടുകളിലെ തൊഴിലാളികളെ കുറിച്ചും അവരുടെ ജീവിതത്തെക്കുറിച്ചും തൊഴിലിന്റെ പ്രാധാന്യത്തെക്കുറിച്ചും നേരിട്ടനുഭവിക്കാൻ അവസരം നൽകുക.
- മൂല്യങ്ങൾക്കും മനോഭാവങ്ങൾക്കും പ്രസക്തി നൽകുന്ന വീഡിയോ ക്ലിപ്പിങ്ങ് മഹാൻമാരുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ എന്നിവ കാണാൻ അവസരം നൽകുക.

# ഉൾപ്പെടുത്തിയുള്ള പഠനം

ക്ലാസ് മുറിയിൽ എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്ന, അവരെയും പുറന്തള്ളാത്ത ഒരു പഠനാന്തരീക്ഷം സ്വീകരിക്കേണ്ടതുണ്ട്. നമ്മുടെ വിദ്യാലയങ്ങളിൽ പ്രധാനമായും രണ്ട് വിഭാഗക്കാർക്ക് കൂടുതൽ പരിഗണനയും സഹായവും ശ്രദ്ധയും നൽകി നീതിപൂർവ്വമായ ഗുണമേന്മ ഉറപ്പു വരുത്തേണ്ടതുണ്ട്.

1. സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാൽ പുറന്തള്ളപ്പെട്ടവരുടെ കുട്ടികൾ (ദരിദ്രർ, ആദിവാസികൾ, പെൺകുട്ടികൾ, അന്യദേശത്തുനിന്ന് കുടിയേറിയവർ, പാർപ്പിടമില്ലാത്തവർ, പലതരത്തിലുള്ള വിവേചനം അനുഭവിക്കുന്നവർ).

2 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കും പഠന പ്രയാസം അനുഭവപ്പെടുന്നകുട്ടികൾക്കും പ്രത്യേക പഠനാവശ്യങ്ങളുണ്ട്. കേൾവിക്കുറവ്, കാഴ്ച പരിമിതി, ബുദ്ധിപരമായ പരിമിതി, ചലനപരമായപരിമിതി. പഠനവൈകല്യം, ഓട്ടിസം, സെറിബ്രൽ പാഴ്സി. ബഹുമുഖ വൈകല്യങ്ങൾ, വൈകാരിക അസന്തുലിതാവസ്ഥയിലുള്ള കുട്ടികൾ എന്നിവരെല്ലാം ഇതിലുൾപ്പെടും.

ഇത്തരത്തിൽ കുട്ടികളുടെ പരിമിതികളെയും വ്യത്യസ്തതകളെയും തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുക എന്നതായിരിക്കണം നമ്മുടെ സമീപനരീതി.